

വായനാമുറി

ഡോ. ടി. ജമാൽ മുഹമ്മദ്

# സഞ്ചാര സാഹിത്യത്തിൽ ഒരു പൈങ്കിളി


**സുഊദി അറേബ്യയെക്കുറിച്ചും ഇസ്‌ലാമിക സംസ്കാരത്തെക്കുറിച്ചും തികഞ്ഞ മുൻവിധിയോടെയാണ് സക്കറിയ ഇത് എഴുതാൻ തുടങ്ങിയത്. മലയാളത്തിലെ ശ്രദ്ധേയമായ നിരവധി സഞ്ചാരസാഹിത്യകൃതികൾക്കിടയിൽ ഈ പൈങ്കിളി കൂടുകെട്ടുന്നത് കരുതിയിരിക്കുക.**

**സർഗാത്മക** സാഹിത്യകാരന്മാർ യാത്രാ വിവരണമെഴുതുമ്പോൾ അതിന് ചില സവിശേഷതകളുണ്ടാവും. മലയാളത്തിലെ മഹാനായ കഥാകാരനും നോവലിസ്റ്റുമായിരുന്ന എസ്.കെ പൊറ്റെക്കാട് സഞ്ചാര സാഹിത്യകൃതികളുടെ കർത്താവെന്ന നിലയിൽ ശ്രദ്ധേയനായിരുന്നു. അദ്ദേഹത്തിന്റെ കൃതികൾ മലയാളത്തിലെ സഞ്ചാര സാഹിത്യത്തിലെ ക്ലാസിക്കുകളാണ്. അയത്നലളിതമായി വായിച്ചുപോകാവുന്ന സാഹിത്യകൃതികളാണെങ്കിലും അവ വസ്തുനിഷ്ഠവും ചരിത്ര സത്യങ്ങളിലധിഷ്ഠിതവുമാണ്.

വസ്തുതാ കഥനത്തിൽ തന്റെ ഭാവനാവിലാസത്തിന് അമിത പ്രാധാന്യം നൽകാൻ അദ്ദേഹം മുതിർന്നിരുന്നില്ല. ഒരു രാജ്യത്തിന്റെ ചരിത്രം രചിക്കുമ്പോൾ ഓരോ കാലഘട്ടത്തിലും അവിടെ സന്ദർശിച്ച സഞ്ചാരികൾ രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായങ്ങൾക്ക് പ്രാധാന്യമുണ്ട്. പ്രാചീന മധ്യകാലഘട്ടങ്ങളിലെ ഇന്ത്യാ ചരിത്രരചനയിൽ വിദേശ സഞ്ചാരികളായിരുന്ന ഹുയാൻസാങ്, മെഗസ്തനീസ്, ഇബ്നുബത്തൂത്ത തുടങ്ങിയവരുടെ യാത്രാവിവരണ കൃതികളെ ആശ്രയിച്ചിട്ടുണ്ട്. പിൽക്കാലത്തുനടന്ന ഗവേഷണങ്ങളുടെ ഫലമായി അവരുടെ ചില പരാമർശങ്ങൾ അടിസ്ഥാനരഹിതങ്ങളും ഭാവനാസന്തതികളുമാണെന്നും തെളിയിക്കപ്പെട്ടിട്ടുണ്ട്. മറ്റു ആധികാരിക തെളിവുകൾ ലഭിക്കുന്നതുവരെയും സഞ്ചാരികളുടെ നിഗമനങ്ങൾക്ക് വിശ്വാസയോഗ്യത കൽപിക്കപ്പെട്ടിരുന്നു. സഞ്ചാര സാഹിത്യകാരന്മാർ ഗ്രന്ഥരചന നടത്തുമ്പോൾ ഭാവനാവിലാസത്തിനും വ്യക്തിതാൽപര്യങ്ങൾക്കും അമിതപ്രാധാന്യം നൽകരുതെന്നും, ഒരു രാജ്യത്തിന്റെ ചരിത്രത്തെയും സംസ്കാരത്തെയും കുറിച്ച് പറയുമ്പോൾ കഴിയുന്നേടത്തോളം വസ്തുനിഷ്ഠാപരമാവണമെന്നുമുള്ള അടിസ്ഥാന വസ്തുതയെപ്പറ്റി എസ്.കെ പൊറ്റെക്കാട് തികച്ചും ബോധവാനായിരുന്നു. മലയാളത്തിന്റെ ഭാവഗായകനായിരുന്ന വയലാർരാമവർമ തന്റെ ആദ്യത്തെ ഉത്തരേന്ത്യൻ പര്യടനത്തെക്കുറിച്ച് ശ്രദ്ധേയമായ ഒരു യാത്രാവിവരണം എഴുതിയിട്ടുണ്ട്; 'പുരുഷാന്തരങ്ങളിലൂടെ.'

യാത്രാവിവരണമെഴുതുന്ന എഴുത്തുകാരൻ തന്റെ മനസ്സിൽ അടിഞ്ഞു കൂടിയ തെറ്റായ ചിന്താഗതികളും അജ്ഞതമൂലമുണ്ടായി

നബിയുടെ നാട്ടിൽ
സക്കറിയ
ഡി.സി ബുക്സ്, കോട്ടയം
വില 55 രൂപ



ട്ടുള്ള ധാരണകളും ഒരു രാജ്യത്തെ ജനങ്ങളുടെയും ചരിത്രത്തിന്റെയും മേൽ വെച്ചുകെട്ടാൻ പാടില്ല. ചുരുങ്ങിയപക്ഷം ആ രാജ്യത്തെക്കുറിച്ചുള്ള തന്റെ ധാരണകൾ ശരിയാണോയെന്ന് ഉറപ്പാക്കാൻ ചെറിയതോതിലെങ്കിലും ഒരു പഠനം നടത്താൻ അയാൾ ബാധ്യസ്ഥനാണ്.

ഇത്രയും പറഞ്ഞത് മലയാളത്തിലെ ശ്രദ്ധേയനായ കഥാകൃത്തും എഴുത്തുകാരനുമായ സക്കറിയയുടെ സുഊദി അറേബ്യയെക്കുറിച്ചുള്ള യാത്രാവിവരണഗ്രന്ഥം വായിക്കാനിടയായതുകൊണ്ടാണ്. *നബിയുടെ നാട്ടിൽ* എന്ന പേരിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ പുസ്തകം സുഊദി അറേബ്യയുടെ ചരിത്രത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും ജീവിതരീതിയെക്കുറിച്ചും പരാമർശിക്കുമ്പോൾ മുമ്പ് സൂചിപ്പിച്ച തെറ്റായ ധാരണകൾ അറിഞ്ഞോ അറിയാതെയോ പ്രകടിപ്പിക്കുന്നുവെന്ന് പറയാതിരിക്കാൻ നിർവാഹമില്ല. ആ രാജ്യത്തിന്റെ ചരിത്രത്തെക്കുറിച്ചും സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ചും നിരവധി ഗ്രന്ഥങ്ങൾ ലഭ്യമാണ്. ഒരു രാജ്യത്തിലെ ജനങ്ങളുടെ വിശ്വാസപ്രമാണങ്ങളെയും ജീവിതരീതിയെയും കുറിച്ച് പരാമർശിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രാഥമികമര്യാദകൾ പാലിക്കാൻ ഗ്രന്ഥകാരന് കഴിഞ്ഞിട്ടില്ല. അറേബ്യയിലെ മുസ്‌ലിം സ്ത്രീകളുടെ വസ്ത്രധാരണ രീതിയെക്കുറിച്ച് സക്കറിയ മുൻധാരണകളുടെ അടിസ്ഥാനത്തിലാണ് അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നത്. അറേബ്യയിലെ മുസ്‌ലിം സ്ത്രീകൾക്ക് പർദാസമ്പ്രദായം അവരുടെ വസ്ത്രധാരണരീതിയുടെ അവിഭാജ്യ ഘടകമാണ്. സ്ത്രീകൾ ശരീരം മറച്ച് നടക്കുന്നതുകൊണ്ട് അവരുടെ വ്യക്തിജീവിതത്തിലെ ധാർമികത നിലനിർത്താനും സാമൂഹിക ജീവിതത്തിൽ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും കഴിയുന്നു. അത് അറേബ്യയിൽ മാത്രമല്ല ചില പ്രാദേശിക വ്യതിയാനങ്ങളോടു കൂടി ലോകത്തെമ്പാടുമുള്ള മുസ്‌ലിം സ്ത്രീകൾ പൊതുവെ അനുവർത്തിക്കുന്ന ഒരു വസ്ത്രധാരണരീതിയാണ്. യൂറോപ്യൻ രാജ്യങ്ങളിൽ സ്ത്രീകൾ എത്രയും കുറച്ച് വസ്ത്രം ധരിക്കുന്നതിലാണ് താൽപര്യം കാണിക്കുന്നത്. അത് അവരുടെ രീതി. ക്രിസ്തുമത വിശ്വാസികളായ കന്യാസ്ത്രീകൾ മുഖമൊഴിച്ച് ശരീരമാസകലം പൂർണമായി മറച്ച് വസ്ത്രധാരണം ചെയ്യുന്നു. അത് മറ്റൊരു ശൈലി. സക്കറിയക്ക് പർദയോട് അടങ്ങാത്ത വിദ്വേഷമാണ്. അത് അദ്ദേഹം പ്രകടിപ്പിക്കുകയും ചെയ്യുന്നു: "ഇവിടെ കാണാനില്ലാത്തത് ഒന്നു മാത്രമേയുള്ളൂ. സ്ത്രീയുടെ മുഖം. മുഖം പുരുഷന്മാർക്കു മാത്രം അവകാശപ്പെട്ടതാണ്. സ്ത്രീക്ക് മുഖം ഒരു ഭാരവും ബാധ്യതയും പാപവുമാണ്. സ്ത്രീകളുടെ മുഖം കണ്ടില്ലെങ്കിലെന്താ, ആകാശം ഇടിഞ്ഞു വീഴുമോ, അല്ലേ? ശരിയാണ്, പർദയിട്ട രൂപങ്ങളെ കണ്ടപ്പോൾ എനിക്കുതോന്നി അവരെല്ലാം സ്ത്രീകളാണെന്ന് എന്താണുറപ്പ്? അറബിക്കഥകളിൽ വായിച്ചിട്ടുള്ളതുപോലെ പുരുഷന്മാർ ഓരോ രഹസ്യാവശ്യങ്ങൾക്ക് പർദയണിഞ്ഞു നടക്കുന്നതാണെങ്കിലോ? ആർക്കറിയാം?"

ഒരു സംസ്കാരത്തിന്റെ ഭാഗമെന്ന നിലയിലും ഒരു ജനതയുടെ ആചാരമെന്ന നിലയിലും മുസ്‌ലിം സ്ത്രീകളുടെ പർദാധാരണാ സമ്പ്രദായത്തെ സക്കറിയക്ക് അംഗീകരിച്ചുകൂടേ? കന്യാസ്ത്രീകൾ ശരീരം പൂർണമായും മറയ്ക്കുന്നതുപോലെ, ഹിന്ദുസന്യാസിനികൾ ശരീരവും ശിരസ്സും മറയ്ക്കുന്ന രീതിയിൽ കാഷായവസ്ത്രം ധരിക്കുന്നതുപോലെ, പാശ്ചാത്യ രാജ്യങ്ങളിലെ സ്ത്രീകൾ ശരീരാവയവങ്ങൾ പരമാവധി പ്രദർശിപ്പിച്ചുകൊണ്ട് വസ്ത്രം ധരിക്കുന്നതുപോലെ?

അറേബ്യയിലെ 'തലവെട്ടലാ'ണ് സക്കറിയയെ അസ്വസ്ഥനാക്കുന്ന മറ്റൊരു കാര്യം. ശിക്ഷക്കു വിധിക്കപ്പെട്ടതിനുശേഷം മരിക്കുന്നതുവരെ തൂക്കിക്കൊല്ലുന്ന സമ്പ്രദായം ഇന്ത്യൻ നിയമപ്രകാരം നടപ്പിലാക്കുന്നുണ്ട്. ഇന്ത്യയിലെ വധശിക്ഷയുടെ കണക്കെടുക്കുകയാണെങ്കിൽ അത്രയും വധശിക്ഷ അറേബ്യയിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് തോന്നുന്നില്ല. ശിക്ഷ നടപ്പിലാക്കുന്ന രീതിയിലുള്ള വ്യത്യാസം മാത്രമാണ് ഇവിടെയുള്ളത്. അറേബ്യയിൽ അത് നടപ്പിലാക്കുന്നത് ജനങ്ങളുടെ മധ്യത്തിലാണെന്ന ഒരു വ്യത്യാസമുണ്ട്. ജനങ്ങൾ അത് നേരിൽ കാണുമ്പോൾ അത്തരം കുറ്റകൃത്യങ്ങളിൽനിന്നും പിന്തിരിയാൻ അവർ സ്വയം നിർബന്ധിതരായിത്തീരാൻ സാധ്യതയുള്ളതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. അറേബ്യയിൽ അത്തരം ഒരു വധശിക്ഷ നടപ്പിലാക്കുന്നത് നേരിൽ കണ്ട് പിരിഞ്ഞുപോകുന്നവരെക്കുറിച്ച് സക്കറിയ പറയുന്നത് ഇപ്രകാരമാണ്: "ലാൽസലാം! ജനം പിരിയുന്നു- ഒരു സിനിമ കണ്ട സന്തോഷത്തോടെ." ഒരു മനുഷ്യനെ ജീവനോടെ വധിക്കുന്നത് കാണുമ്പോൾ അത് സിനിമ കാണുന്നതുപോലെ ആസ്വദിക്കാൻ കഴിയുന്ന മനുഷ്യർ സക്കറിയയെന്ന സർഗാത്മക സാഹിത്യകാരന്റെ സങ്കൽപത്തിലെ കഥാപാത്രങ്ങളായിരിക്കാം.

അതിരാവിലെ തന്റെ മലയാളി സുഹൃത്തുമൊത്ത് നടക്കാനിറങ്ങിയ സക്കറിയ, അവിടത്തെ നിയമങ്ങളെക്കുറിച്ച് അജ്ഞനായിരുന്നതുകൊണ്ട്, യാത്രാരേഖകളെടുക്കാൻ മറന്നുപോയി. സക്കറിയക്കൊപ്പം നടന്നുനീങ്ങിയപ്പോൾ മലയാളി സുഹൃത്ത് ഒരു പോലീസുകാരനെ കണ്ട് വിഷണ്ണനാകുന്നു. ഗൾഫ് രാജ്യങ്ങളിൽ അവിടത്തെ പൗരന്മാരും വിദേശികളും എപ്പോഴും ഒരു തിരിച്ചറിയൽ കാർഡ് സൂക്ഷിക്കേണ്ടതാവശ്യമാണ്. ഒരു രേഖയുമില്ലാതെ കടന്നുപോകുന്ന ഒരു വിദേശിയെ പോലീസുകാരൻ പിടികൂടിയാൽ അത് മനുഷ്യത്വവിരുദ്ധമായ സമീപനമായി വ്യാഖ്യാനിക്കാനാണ് സക്കറിയക്ക് ഇഷ്ടമെന്നു തോന്നുന്നു. ഭാഗ്യമെന്നു പറയട്ടെ, സക്കറിയയെ പരിശോധിക്കാനും രേഖകളില്ലാതെ വന്നതുകൊണ്ട് അറസ്റ്റ് ചെയ്യാനും പോലീസുകാരൻ തയാറാകുന്നില്ല. അതിനെപ്പറ്റി സക്കറിയയുടെ പ്രതികരണം: "പോലീസ് പരിശോധന എപ്പോഴുമുണ്ടോ എന്നു ഞാൻ അന്വേഷിച്ചു, ഇല്ല പക്ഷേ നമ്മുടെ കൈയിൽ കടലാസുകളില്ലെങ്കിൽ പ്രശ്നമാണ്. മാത്രമല്ല, ഹസ്സൻകോയ പറഞ്ഞു: ഇവറ്റകൾ കൈക്കൂലിയും വാങ്ങില്ല. ഞാൻ നടുങ്ങി, കൈക്കൂലി വാങ്ങാത്ത പോലീസിന്റെ രാഷ്ട്രത്തിൽ നാം മലയാളികൾ എങ്ങനെ കഴിച്ചുകൂട്ടും? എന്തൊരു ഭീകരമായിരിക്കണം ഈ ജീവിതം!"

അറേബ്യൻ ചരിത്രത്തെക്കുറിച്ചുള്ള സക്കറിയയുടെ അജ്ഞതയെ കാണിക്കുന്ന മറ്റൊരു പരാമർശവും ഈ ഗ്രന്ഥത്തിലുണ്ട്. "മരുഭൂമിയിൽ ചരിത്രബോധം കുറവായതിൽ അത്ഭുതമില്ല. മണൽക്കാറ്റ് എല്ലാം മായിക്കുന്നു. അറബിയുടെ ചരിത്രം പ്രവാചകനിലാണ് തുടങ്ങുന്നത്." പ്രവാചകന്റെ പ്രബോധനത്തോടനുബന്ധിച്ചാണ് ഇസ്‌ലാംമതം വ്യാപകമായി പ്രചരിച്ചുതുടങ്ങിയതെന്നുള്ളത് ഒരു വസ്തുതയാണ്. എന്നാൽ ഇസ്‌ലാം ഒരു ദൈവിക പ്രോക്തമായ ആശയമെന്ന നിലയിൽ അതിനു മുമ്പേ നിലവിൽവന്നുകഴിഞ്ഞു. പ്രവാചകൻ മതപ്രചാരണം ആരംഭിക്കുന്നതിനുമുമ്പ് അറേബ്യക്ക് ഒരു ചരിത്രമുണ്ടായിരുന്നു. ജാഹിലിയ്യ കാലം എന്നറിയപ്പെടുന്ന ഇരുണ്ടയുഗത്തിലും സ്വന്തമായി ഒരു ചരിത്രപാരമ്പര്യം അവർക്കുണ്ട്. അനേകം ദേവതകളെ ആരാധിച്ച് അലഞ്ഞുതിരിയു

ന്നജീവിതക്രമത്തിനിടയിൽ സ്വന്തമായ ചില സാംസ്കാരിക തുരുത്തുകൾ അവർക്ക് ഉയർത്താൻ കഴിഞ്ഞു.

പാശ്ചാത്യ ഗ്രന്ഥകാരന്മാരുടെ നിറംപിടിപ്പിച്ച നുണകൾ വിശ്വസിച്ചതിന്റെ ഫല മായി സുഊദി അറേബ്യയെക്കുറിച്ച് ഉടനീളം ദുഷിച്ച പരാമർശങ്ങൾ കാണാം. "ഈ സൗദി അറേബ്യയെ ആരും കാണാതെ പോകുന്നതാണ് സൗദിയുടെയും ലോകത്തി ന്റെയും നഷ്ടം. പകരം എണ്ണ ബാരലുകളുടെ കണക്കും വെട്ടുന്ന തലകളുടെ എണ്ണവും മാത്രമാണ് സൗദിയുടെ പ്രതിഛായാഘടകങ്ങൾ. കേരളത്തിലെ സൗദിലോബികൾ എന്ന് അവകാശപ്പെടുന്നവർ പോലും സൗദിയുടെ ആധുനികമുഖം പുറത്തു പ്രദർശിപ്പി ക്കാൻ ഇഷ്ടപ്പെടുന്നില്ല എന്നു കരുതണം. അതു പുറത്തുവന്നാൽ അവരുടെ കറു ത്തിരുണ്ട മുഖങ്ങൾക്ക് എന്തു നീതീകരണം?"

പുസ്തകം വായിച്ചുകഴിയുമ്പോൾ രണ്ടു വസ്തുതകൾ സുവ്യക്തമാവുന്നു. ആരെയോ പ്രീതിപ്പെടുത്താൻ വേണ്ടി ഒരു ഗൃഹപാഠവും കൂടാതെ ധൃതിയിൽ തട്ടി ക്കൂട്ടിയെടുത്ത ഒരു കൃതിയാണിത്. രണ്ടാമതായി, സുഊദി അറേബ്യയെക്കുറിച്ചും ഇസ്‌ലാമിക സംസ്കാരത്തെക്കുറിച്ചും തികഞ്ഞ മുൻവിധിയോടെയാണ് സക്കറിയ ഇത് എഴുതാൻ തുടങ്ങിയത്. മലയാളത്തിലെ ശ്രദ്ധേയമായ നിരവധി സഞ്ചാരസാഹിത്യ കൃതികൾക്കിടയിൽ ഈ പൈങ്കിളി കൂടുകെട്ടുന്നത് കരുതിയിരിക്കുക. ■